# Athmaraksha.org

അനുദിന പ്രാർത്ഥനകൾ

## ഭക്ഷണത്തിനു മുമ്പും ശേഷവും-Food




### ഭക്ഷണത്തിനു മുമ്പുള്ള പ്രാർത്ഥന

സ്നേഹനിധിയായ ദൈവമേ, ഞങ്ങളെയും അവിടന്ന് കാരുണ്യപൂർവ്വം ഞങ്ങൾക്ക് നൽകിയ ഈ ആഹാരസാധനങ്ങളെയും ആശീർവദിക്കണമേ. ഇതു ഞങ്ങൾക്കായി ഒരുക്കിയ എല്ലാവരേയും സമൃദ്ധമായി അനുഗ്രഹിക്കണമേ. ആമ്മേൻ.

### ഭക്ഷണത്തിനു ശേഷമുള്ള പ്രാർത്ഥന

കർത്താവായ ദൈവമേ, അങ്ങു ഞങ്ങൾക്ക് നൽകിയ ഈ ആഹാരത്തെ പ്രതി ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു. വളർന്നു വലിയവരായി മറ്റുള്ളവർക്കു നന്മ ചെയ്ത് ജീവിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ആമ്മേൻ.

### തിരുവചനം

അവിടുന്നു ദാഹാർത്തനു തൃപ്തിവരുത്തുകയും വിശപ്പുള്ളവനു വിശിഷ്ടവിഭവങ്ങൾകൊണ്ടു സംതൃപ്തി ഉളവാക്കുകയും ചെയ്യുന്നു (സങ്കീ 107:9).

ചരിക്കുന്ന ജീവികളെല്ലാം നിങ്ങൾക്ക് ആഹാരമായിത്തീരും ഹരിതസസ്യങ്ങൾ നൽകിയതുപോലെ ഇവയും നിങ്ങൾക്കു ഞാൻ തരുന്നു (ഉൽപത്തി 9:3).

ദൈവം സൃഷ്ടിച്ചവയെല്ലാം നല്ലതാണ്. കൃതജ്ഞതാപൂർവ്വമാണ് സ്വീകരിക്കുന്നതെങ്കിൽ ഒന്നും നാം നിരാകരിക്കേണ്ടതില്ല. കാരണം, അവ ദൈവവചനത്താലും പ്രാർത്ഥനയാലും വിശുദ്ധീകരിക്കപ്പെടുന്നു (1 തിമോത്തേയോസ്4:4-5).

+++